# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

19.03.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3713

### കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി) |
| (എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി ലോക ബാങ്ക് എത്ര തുകയാണ് വായ്പയായി നൽകിയതെന്ന് വ്യക്തമാക്കുമോ | (എ) കെ.എസ്സ്.ടി.പി.രണ്ടാം ഘട്ടത്തിന്റെ പദ്ധതി തുക 2403 കോടി രൂപയാണ്. (445 മില്യൻ ഡോളർ) .ഇതിൽ ലോകബാങ്ക് വായ്പാ തുക 1166 കോടിരൂപ (216 മില്യൻ ഡോളർ) ആണ്. |
| (ബി) പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ | (ബി) ഭൂമി ഏറ്റെടുക്കൽ 99 %-വും പൂർത്തിയായിട്ടുണ്ട്. ചെറിയ പ്രശ്നങ്ങൾ ഉള്ള ഭാഗങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അന്തിമ നടപടികൾ നടന്നു വരുന്നു. |
| (സി) കെ.സ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും ഇതിനകം തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തെല്ലാം | (സി) കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ ലോൺ കാലാവധി 2019 ഏപ്രിൽ 30 ആണ്. കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട പുനലൂർ-പൊൻകുന്നം റോഡ് ഒഴികെ |

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

എല്ലാ പ്രവൃത്തികളും 2018 ൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാർ റദ്ദാക്കിയതിനെ തുടർന്ന് 2016-17 ൽ തുടങ്ങിയ തലശ്ശേരി-വളവുപാറ റോഡും കഴക്കൂട്ടം-അടൂർ മാതൃകാ റോഡ് സുരക്ഷാ പദ്ധതിയും ഒഴികെ എല്ലാ പ്രവൃത്തികളും അന്തിമഘട്ടത്തിലാണ്. അവലോകന യോഗങ്ങൾ കൂടി കൺസൾട്ടൻസിക്കും, കോൺട്രാക്ടർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പുനലൂർ-പൊൻകുന്നം റോഡ്നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കാലതാമസം നേരിടുമെന്നും വായ്പാ കാലാവധിയായ 2019 ഏപ്രിലിൽ തീർക്കുവാൻ പ്രയാസമാണെന്നും മറ്റുമുള്ള കാരണത്താൽ ലോകബാങ്ക് അനുമതി നൽകിയില്ല. അതിനു പകരമായി മറ്റ് നിർമ്മാണ രീതികൾ അവലംബിക്കാൻ ലോകബാങ്ക് അഭിപ്രായപ്പെട്ടതനുസരിച്ച് EPC രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോൺ കാലാവധി 31.12.2019 വരെ നീട്ടേണ്ടതായും വരും. ആയതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതാണ്ട് ഉപേക്ഷിച്ച മട്ടിലായിരുന്ന ഈ KSTP പദ്ധതി . നിരന്തരമായ ഇടപെടലും World Bank മായി ബഹു: CM ഉം PWD (M) ഉം നിരന്തരമായി നടത്തിയ ചർച്ചയുടേയും ഫലമായിട്ടാണ് ഇപ്പോൾ ഈ

സാദ്ധ്യത തെളിഞ്ഞു വന്നിട്ടുള്ളത്. കൂടാതെ തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ നിലവിലെ ഭൂപ്രകൃതി അനുസരിച്ച് ഡിസൈൻ മാറ്റേണ്ടി വന്നതിനാൽ അംഗീകരിച്ച കരാർ തുകയിൽ നിന്നും കൂടുതൽ വേണ്ടിവന്നതിനാൽ പദ്ധതി കരാറുകാരൻ നിർത്തിവയ്ക്കുകയും, സ്റ്റീയറിംഗ് കമ്മിറ്റിയുടെ അംഗീകാരപ്രകാരം കരാർ റദ്ദാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ബാലൻസ് പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

S. Bindu

**സെക്ഷൻ ഓഫീസർ**